സംസ്ഥാന സഹകരണ ബാങ്കിൽ അനധികൃതമായി നിയമിച്ച 39 ജീവനക്കാരുടെ തസ്തികകൾ റദ്ദു ചെയ്തുകൊണ്ടുള്ള ഉത്തരവ്

30(2282) ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സഹകരണ ബാങ്കിൽ 9-2-2008-ൽ അനധികൃതമായി നിയമിച്ച 39 ജീവനക്കാരുടെ തസ്തികകൾ റദ്ദ് ചെയ്തുകൊണ്ടുള്ള സഹകരണ സംഘം രജിസ്ട്രാറുടെ 3-4-2009-ലെ സി.ബി.(1)51017/2008 നമ്പർ ഉത്തരവ് ബാങ്ക് നടപ്പിലാക്കിയിട്ടുണ്ടോ ; ഇവർ ഇപ്പോഴും പ്രസ്തുത തസ്തികകളിൽ തുടരുന്നുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് ഹൈക്കോടതിയുടെ നിർദ്ദേശങ്ങൾ എന്തെങ്കിലും നിലവിലുണ്ടോ ; എങ്കിൽ എന്താണ് നിർദ്ദേശങ്ങൾ എന്ന് വ്യക്തമാക്കുമോ ; പ്രസ്തുത നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) സംസ്ഥാന സഹകരണ ബാങ്കിൽ ദിവസ വേതനത്തിൽ എത്ര പേർ ജോലി ചെയ്തു വരുന്നു ; ഇവർ എത്രകാലമായി ജോലിയിൽ തുടരുന്നു ; ഇത് നിയമപ്രകാരമാണോ ;

(ഡി) സംസ്ഥാന സഹകരണ ബാങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന എത്ര പേർ ജോലി ചെയ്യുന്നു ;

(ഇ) ഏതെല്ലാം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നുള്ള ലിസ്റ്റ് അനുസരിച്ചാണ് നിയമനങ്ങൾ നടത്തിയതെന്ന് അറിയിക്കുമോ ;

(എഫ്) എംപ്ലോയ്മെന്റ് നിയമന കാലാവധിക്കുശേഷം പ്രസ്തുത ജീവനക്കാർക്ക് കരാറടിസ്ഥാനത്തിൽ നിയമനങ്ങൾ നൽകിയിട്ടുണ്ടോ ;

(ജി) എങ്കിൽ ഇപ്രകാരം എത്രപേർക്ക് നിയമനങ്ങൾ നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ ; ഇവർ എത്ര കാലമായി ജോലി ചെയ്യുന്നു ?

ഉത്തരം

(എ) സഹകരണ സംഘം രജിസ്ട്രാറുടെ 3-4-2009-ലെ സി.ബി.(1)51017/2008 നമ്പർ ഉത്തരവ് ബാങ്ക് നടപ്പിലാക്കിയിട്ടില്ല. ടി ജീവനക്കാർ ഇപ്പോഴും പ്രസ്തുത തസ്തികകളിൽ തുടരുന്നുണ്ട്.

(ബി) ഹൈക്കോടതി നിർദ്ദേശം നിലവിലുണ്ട്. സഹകരണ സംഘം രജിസ്ട്രാറുടെ 3-4-2009-ലെ സി.ബി(1)51017/2008 നമ്പർ ഉത്തരവിനെതിരെ ശ്രീ. പ്രതീഷ് വാമനും മറ്റ് 38 പേരും ചേർന്ന് സർക്കാർ മുമ്പാകെ ഫയൽ ചെയ്തിരുന്ന അപ്പീൽ പെറ്റീഷൻ പുനഃപരിശോധിക്കുവാൻ ബഹു.കേരളാ ഹൈക്കോടതി സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു. ടി അപ്പീൽ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) കേരള സംസ്ഥാന സഹകരണ ബാങ്കിൽ ദിവസവേതനാടിസ്ഥാനത്തിൽ 61 പേർ ജോലി ചെയ്തുവരുന്നു. അതിൽ ഒരാൾ 2004 മുതലും മറ്റുള്ളവർ 2004-05 മുതലും ജോലിയിൽ തുടരുന്നു. ഇത് നിയമാനുസൃതമല്ലാത്തതിനാൽ സഹകരണ സംഘം രജിസ്ട്രാർ നിയമനം റദ്ദ് ചെയ്യുകയും ടി നടപടിയിൻമേലുള്ള അപ്പീൽ സർക്കാരിന്റെ പരിഗണനയിലുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 36 പേർ ജോലി ചെയ്തുവരുന്നു.

(ഇ) തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലുള്ള പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും അവരുടെ പരിധിയിലുള്ള മറ്റ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നുമുള്ള ലിസ്റ്റിൽ നിന്നുമാണ് നിയമനങ്ങൾ നടത്തിയിട്ടുള്ളത്.

(എഫ്) ഇല്ല.

(ജി) ബാധകമല്ല.

സഹകരണ ഓഡിറ്റ് വിഭാഗത്തിന്റെ പുനഃസംഘടന

31 (2283) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ വകുപ്പിൽ ഓഡിറ്റ് വിഭാഗം പുനഃസംഘടിപ്പിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) സഹകരണ വകുപ്പിലെ ഓഡിറ്റ് വിഭാഗം പുനഃസംഘടിപ്പിച്ചതു മൂലമുണ്ടായിട്ടുള്ള പ്രയോജനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സഹകരണ വകുപ്പിൽ ഓഡിറ്റ് വിഭാഗം പുനഃസംഘടിപ്പിക്കുന്നതിന്റെ ഭാഗമായി 27-5-2008-ലെ സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്) നമ്പർ 126/2008/സഹ നമ്പർ ഉത്തരവിലൂടെ സഹകരണ ഓഡിറ്റ് ഡയറക്ടറേറ്റ് രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. സഹകരണ സംഘങ്ങളുടെ ആഡിറ്റ് കാര്യക്ഷമമാക്കുന്നതിനും ആഡിറ്റ് കുടിശ്ശിക കുറച്ചു കൊണ്ടുവരുന്നതിനും സാധിച്ചിട്ടുണ്ട്. എങ്കിലും ആഡിറ്റ് സമകാലീനമാക്കുക എന്ന ലക്ഷ്യം കൈവരിക്കാൻ സാധിക്കാത്തതുമൂലം ആഡിറ്റ് കാര്യക്ഷമവും സമകാലീനവുമാക്കുക എന്ന ലക്ഷ്യത്തോടെ സഹകരണ വകുപ്പിൽ നിന്ന് ആഡിറ്റ് വിഭാഗം വേർപെടുത്തി പ്രത്യേക ആഡിറ്റ് വിഭാഗം രൂപീകരിച്ചു കൊണ്ട് സഉ. (എംഎസ്.) നമ്പർ 24/11/സഹ തീയതി 16-2-2011 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പരിയാരം മെഡിക്കൽ കോളേജിൽ വിവിധ തസ്തികകളിലെ നിയമനങ്ങൾ

32(2284) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ 5 വർഷക്കാലം പരിയാരം സഹകരണ മെഡിക്കൽ കോളേജിൽ വിവിധ തസ്തികകളിൽ എത്ര നിയമനങ്ങൾ നടത്തിയെന്നും, ഏതൊക്കെ തസ്തികകളിൽ ആരൊക്കെയാണ് നിയമിക്കപ്പെട്ടത് എന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly